Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളക്കരം കുടിശ്ശിക - പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത തുക - പൊതു ആവശ്യ ഗ്രാന്റിൽ നിന്നും പദ്ധതി ചെലവിലേയ്ക്ക് മാറ്റി വയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1906**/2011/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 09.08.2011.

പരാമർശം:- 1) 05.01.2011-ലെ (സാധാരണ) 97/11/ധന. നമ്പർ സർക്കാർ ഉത്തരവ്.
2) 19.01.2011-ലെ (സാധാരണ) 200/11/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 27.05.2011-ലെ ജെ1-13869/10 നമ്പർ കത്ത്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട കുടിശ്ശിക തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് നൽകുന്നതിന് പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകുകയുണ്ടായി. അപ്രകാരം കുറവ് ചെയ്ത് വാട്ടർ അതോറിറ്റിക്ക് അടയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക 2011 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്യുന്ന പൊതു ആവശ്യ ഗ്രാന്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്യണമെന്നും നിഷ്ക്കർഷിക്കുകയുണ്ടായി.

2) മേൽ സൂചിപ്പിച്ച പ്രകാരം പൊതു ആവശ്യ ഗ്രാന്റിൽ നിന്നും തുക പദ്ധതി വിഹിതത്തിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം നിർദ്ദേശിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു ആവശ്യ ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്ത് തിരുവനന്തപുരം ട്രഷറിയിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വികസന ഫണ്ടിലേക്ക് മാറ്റുന്നത് ശ്രമകരമായ കാര്യമാണ്. നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനം, മേഖലാ വിഭജനം ചെലവ് ശതമാനം കണക്കാക്കൽ തുടങ്ങിയവയെ ബാധിക്കുകയും ചെയ്യും. അതിനാൽ തദ്ദേസസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് വെള്ളക്കര കുടിശ്ശിക അടച്ചതിന് തുല്യമായ തുക നടപ്പുവർഷം പൊതു ആവശ്യ ഗ്രാന്റിൽ നിന്നും

പദ്ധതി ചെലവിലേക്ക് മാറ്റി വയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ പ്രത്യേകം പ്രോജക്ട് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കോർപ്പറേഷൻ, കൊല്ലം / കൊച്ചി.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(57554/ബ.വി.ജെ2/11/ധന നമ്പർ അഭിപ്രായം പ്രകാരം).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ